എ.വൈ.ആർ

സൂറ-10

# യൂനുസ്

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ يُدَبِّرُ ٱلْأَمْرَ ۖ مَا مِن شَفِيعٍ إِلَّا مِنۢ بَعْدِ إِذْنِهِۦ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ فَٱعْبُدُوهُ ۚ أَفَلَا تَذَكَّرُونَ ﴿٣﴾

**3** തീർച്ചയായും നിങ്ങളുടെ വിധാതാവ് വാനലോകങ്ങളെയും ഭൂമിയെയും ആറു നാളുകളിൽ സൃഷ്ടിച്ച അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനത്തിലുപവിഷ്ടനായി പ്രപഞ്ചഭരണം നടത്തിക്കൊണ്ടിരിക്കുന്നു. അവന്റെ അനുമതി ലഭിച്ച ശേഷമല്ലാതെ അവങ്കൽ ശിപാർശ ചെയ്യുന്നവനാരുമില്ല. അവനാകുന്നു നിങ്ങളുടെ വിധാതാവായ അല്ലാഹു. അതിനാൽ അവനു മാത്രം ഇബാദത്ത് ചെയ്യുവിൻ. ഇനിയും ചിന്തിക്കുന്നില്ലെയോ?!

إِنَّ رَبَّكُمُ ٱللَّهُ= തീർച്ചയായും നിങ്ങളുടെ വിധാതാവ് അല്ലാഹുവാകുന്നു
ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ= വാനലോകങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനായ فِى سِتَّةِ أَيَّامٍ= ആറുനാളുകളിൽ
ثُمَّ= പിന്നെ, എന്നിട്ട് ٱسْتَوَىٰ= അവൻ അധികാരം വാണു (ഉപവിഷ്ടനായി) عَلَى ٱلْعَرْشِ= സിംഹാസനത്തിന്മേൽ
يُدَبِّرُ= അവൻ ഭരണം നടത്തുന്നു, നിയന്ത്രിക്കുന്നു ٱلْأَمْرَ= (പ്രപഞ്ച)കാര്യം مَا مِن شَفِيعٍ= ശിപാർശകൻ ആരുമില്ല
إِلَّا مِنۢ بَعْدِ إِذْنِهِۦ= അവന്റെ അനുമതിക്കുശേഷമല്ലാതെ (ശിപാർശ ചെയ്യുന്ന) ذَٰلِكُمُ ٱللَّهُ= അവനാകുന്നു അല്ലാഹു
رَبُّكُمْ= നിങ്ങളുടെ വിധാതാവ്(ആയ) فَٱعْبُدُوهُ= അതിനാൽ അവന് ഇബാദത്ത് ചെയ്യുക
أَفَلَا تَذَكَّرُونَ= നിങ്ങൾ ഓർക്കുന്നി(ചിന്തിക്കുന്നി)ല്ലേ

**3:** മുൻസൂക്തത്തിൽ പ്രസ്താവിച്ച, മനുഷ്യൻ പ്രവാചകനാകുന്നതിൽ അത്ഭുതം കൂറുന്നതിന്റെ പൊള്ളത്തരത്തിനും പ്രവാചകൻ ആഗതനാകുന്നത് മനുഷ്യർക്ക് താക്കീതും സുവിശേഷവും നൽകുന്നതിനാണ് എന്നതിനും ഉള്ള തെളിവും പ്രവാചകന്റെ മൗലികമായ സുവിശേഷവും താക്കീതുമാണ് ഈ സൂക്തങ്ങളിൽ അവതരിപ്പിക്കുന്നത്. സൂക്തത്തിന്റെ ആശയം വ്യക്തമാകുന്നതിന് അതിന്റെ പ്രഥമ സംബോധിതരായിരുന്ന അറബികളുടെ പ്രപഞ്ചവീക്ഷണത്തെക്കുറിച്ച് സാമാന്യ ധാരണ ഉണ്ടായിരിക്കേണ്ടതുണ്ട്.

ഒരു പരമേശ്വരനുണ്ട്. അവനാണ് ഈ പ്രപഞ്ചത്തിന്റെ യഥാർഥ സ്രഷ്ടാവ്, ആദികാരണം. പരമേശ്വരന് കുറേ ഉപദൈവങ്ങളുണ്ട്. അവനിഷ്ടമുള്ള മലക്കുകളെയും ജിന്നുകളെയും മനുഷ്യരെയുമൊക്കെ മഹാ ദൈവം തന്റെ മക്കളും ഉപദൈവങ്ങളുമൊക്കെയായി സ്വീകരിച്ചിരിക്കുന്നു. മഹാ ദൈവം ഈ പ്രപഞ്ചത്തിന്റെ ഭരണം ഉപദൈവങ്ങളെ ഏൽപിച്ചിരിക്കുന്നു. ഉപദൈവങ്ങളാണ് മനുഷ്യന്റെ ഭാഗധേയം കൈയാളുന്നത്. മനുഷ്യൻ ആരാധിക്കേണ്ടതും അനുഗ്രഹത്തിനും ആഗ്രഹസാഫല്യത്തിനും ആപത് രക്ഷക്കുമെല്ലാം അവലംബിക്കേണ്ടതും ഈ ഉപദൈവങ്ങളെയാണ്. മനുഷ്യരെപ്പോലുള്ള സൃഷ്ടികളുടെ വിളി കേൾക്കുന്നതിനൊക്കെ അതീതനാണ് പരമേശ്വരൻ. ഉപദൈവങ്ങളിലൂടെ മാത്രമേ മനുഷ്യർക്ക് പരമേശ്വരനോട് - അല്ലാഹുവിനോട്- അടുക്കാനാവൂ.

മനുഷ്യരുടെ ഭാഗധേയം കൈകാര്യം ചെയ്യുന്ന ഉപദൈവങ്ങളെ നിഷേധിക്കുന്നത് ദൈവനിഷേധവും ധർമനിഷേധവുമാ

കുന്നു. ഉപദൈവങ്ങളിലുള്ള വിശ്വാസവും അവരോടുള്ള വിധേയത്വവുമാണ് യഥാർഥ വിശ്വാസവും ധർമാനുഷ്ഠാനവും. പരമേശ്വരൻ പ്രവാചകന്മാരെ നിയോഗിക്കുകയോ വെളിപാട് നൽകുകയോ വേദമവതരിപ്പിക്കുകയോ ഒന്നും ചെയ്യുന്നില്ല. ഉപദൈവങ്ങളാണ് മനുഷ്യന് വഴികാട്ടുന്നതും ഗുണദോഷങ്ങൾ വരുത്തുന്നതും. മനുഷ്യരിലേക്ക് ഒരു പ്രവാചകൻ വരികയാണെങ്കിൽ തന്നെ അത് മലക്കുകളിലോ ജിന്നുകളിലോപെട്ട ദേവന്മാർ - ഉപദൈവങ്ങളായിരിക്കും; മനുഷ്യരായിരിക്കില്ല. ദേവന്മാർ അവരുടെ ഇംഗിതങ്ങൾ പുരോഹിതന്മാരിലൂടെ അറിയിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവരിൽനിന്ന് പ്രത്യേകിച്ച് വല്ലതും അറിയേണ്ടതുണ്ടെങ്കിൽ പൂജാദികർമങ്ങളിലൂടെ അന്വേഷിച്ചാൽ മതി. സൂര്യചന്ദ്രനക്ഷത്രാദികളും ദൈവഗണത്തിൽപെടുന്നു. അതിനാൽ ഗ്രഹനില നോക്കിയും ഭാവിഫലവും നന്മതിന്മകളുമറിയാം. മൺമറഞ്ഞുപോയ പുണ്യാത്മാക്കളെയും അവർ ദൈവഗണത്തിൽപെടുത്തി. എണ്ണമറ്റ ഈ ഉപദൈവങ്ങളിൽ ആരെ വിളിച്ചാലും വിളി കേൾക്കും. ഉപകാരങ്ങളും ഉപദ്രവങ്ങളും ചെയ്യും. മനുഷ്യൻ- അതും മരിച്ചു മണ്ണായ ശേഷം- ദൈവമാകാം. പക്ഷേ, ജീവിച്ചിരിക്കുന്ന മനുഷ്യൻ പ്രവാചകനായി നിയുക്തനാവുക അസംഭവ്യം! ഇതായിരുന്നു അവരുടെ നിലപാട്.

അറേബ്യൻ മുശ്രിക്കുകളുടെ ഈ മനോഭാവം മുന്നിൽവെച്ചുകൊണ്ട് ഖുർആൻ പറയുകയാണ്: ഈ പ്രപഞ്ചത്തിന് ഒരു റബ്ബ്-വിധാതാവുണ്ട്. ഉടമസ്ഥൻ, പരിപാലകൻ, നിയന്താവ് എന്നീ അർഥങ്ങൾ വഹിക്കുന്ന പദമാണ് رَبّ. ഈ അർഥങ്ങളെല്ലാം പ്രകൃത സന്ദർഭത്തിൽ പ്രസക്തമാകുന്നു. ഈ റബ്ബ്-വിധാതാവ്- ആകാശ ഭൂമികളുടെ സ്രഷ്ടാവായ അല്ലാഹു തന്നെയാണ്. അല്ലാഹുവാണ് പ്രപഞ്ചത്തിന്റെ യഥാർഥ സ്രഷ്ടാവ് -ആദികാരണം- എന്ന് അവരംഗീകരിച്ചിരുന്നു. പക്ഷേ, പ്രപഞ്ചത്തെ ഭരിക്കുന്നത് അല്ലാഹുവല്ല; ഉപദൈവങ്ങളാണ്. ഈ ആശയത്തെയാണ് ഇവിടെ ആദ്യം ഖണ്ഡിക്കുന്നത്. അല്ലാഹു തന്നെയാണ് 'റബ്ബ്' എന്നതിന്റെ ന്യായം സൂചിപ്പിക്കുന്നതാണ് 'സൃഷ്ടിച്ചവൻ' എന്ന വിശേഷണം. ഒരു വസ്തുവിന്റെ സ്രഷ്ടാവ് തന്നെ ആയിരിക്കണമല്ലോ അതിന്റെ യഥാർഥ ഉടമയും കൈകാര്യകർത്താവും. തന്റെ സൃഷ്ടികളിലേക്ക് അയക്കുന്ന ദൂതൻ ആരായിരിക്കണമെന്ന് ഏറ്റം അറിയുന്നതും നിശ്ചയിക്കുന്നതും സ്രഷ്ടാവാണ്. അവനല്ലാത്ത ആർക്കും അതെക്കുറിച്ച് വ്യക്തമായ അറിവോ തീരുമാനാധികാരമോ ഇല്ല. ആ നിലക്ക് മനുഷ്യൻ പ്രവാചകനാകുന്നതിൽ ഇക്കൂട്ടർ അത്ഭുതം കൂറുന്നതിൽ യാതൊരർഥവുമില്ല. ഇതാണ് അവിശ്വാസികൾക്കുള്ള ഖണ്ഡനം. പ്രപഞ്ചത്തിന്റെ വിധാതാവ് അതിന്റെ സ്രഷ്ടാവായ അല്ലാഹു മാത്രമാകുന്നു എന്നതാണ് പ്രവാചകനിലൂടെ ഈ വാക്യം നൽകുന്ന സന്ദേശം.

ആകാശ ഭൂമികളെ അല്ലാഹു ആറു നാളുകളിൽ -فِي سِتَّةِ أَيَّامٍ- സൃഷ്ടിച്ചു എന്ന് ഖുർആൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ള കാര്യമാണ്. ദിവസം, പകൽ എന്നർഥമുള്ള يومന്റെ ബഹുവചനമാണ് أَيَّام. കാലഘട്ടം എന്ന അർഥത്തിലും ഇത് ഉപയോഗിക്കും. പ്രപഞ്ച സൃഷ്ടിയെക്കുറിച്ച് പറഞ്ഞ أَيَّام ഏതർഥത്തിലുള്ളതാണെന്ന് കൃത്യമായി പറയുക നമുക്ക് സാധ്യമല്ല. അല്ലാഹുവിങ്കൽ ഒരുദിവസം മനുഷ്യർ എണ്ണുന്ന ആയിരം കൊല്ലത്തിന് തുല്യമാണെന്ന് *അൽഹജ്ജ്* 47-ാം സൂക്തത്തിലും അമ്പതിനായിരം കൊല്ലത്തിന് തുല്യമാണെന്ന് *അൽ മആരിജ്* 4-ാം സൂക്തത്തിലും പ്രസ്താവിക്കുന്നുണ്ട്. ഈ സൂറ 6-ാം സൂക്തത്തിൽ സൂചിപ്പിക്കുന്നതുപോലെ വാനഗോളങ്ങളുടെയും ഭൂമിയുടെയും കറക്കത്തെ ആസ്പദിച്ചാണ് ദിവസങ്ങളും വർഷങ്ങളും കണക്കാക്കപ്പെടുന്നത്. ഭൂമി സ്വന്തം അച്ചുതണ്ടിൽ ഒരുവട്ടം കറങ്ങുന്ന സമയത്തെ നാം ദിവസമായും, സൂര്യനുചുറ്റും ഒരു വട്ടം കറങ്ങുന്നതിനെ വർഷമായും കണക്കാക്കുന്നു. ഗ്രഹത്തിന്റെയും ഉപഗ്രഹത്തിന്റെയും ഭ്രമണവേഗവും അവ തമ്മിലുള്ള അകലവും അനുസരിച്ച് ഒരു ഭ്രമണത്തിന് എടുക്കുന്ന കാലയളവ് മാറിക്കൊണ്ടിരിക്കും. ഉദാഹരണമായി ഭൂമിയും സൂര്യനും തമ്മിലുള്ള അകലം ഇപ്പോഴുള്ളതിന്റെ ഇരട്ടിയായാൽ ഒരു വർഷത്തിന് എഴുനൂറിലേറെ ദിവസം വേണ്ടിവരും. ഇപ്പോൾ തന്നെ ശുക്രന്റെ ഒരു ദിവസം, അതിന്റെ ഒരു വർഷത്തെക്കാൾ നീണ്ടതാണ്. ഭൂമിയിലെ സമയഗണനയനുസരിച്ച് ശുക്രന്റെ ഒരു വർഷം 225 ദിവസമാണ്. എന്നാൽ ശുക്രന്റെ ഒരു ദിവസം ഭൂമിയിലെ കാലഗണനപ്രകാരം 244 ദിവസം നീണ്ടതാണ്. അപ്പോൾ നിങ്ങൾ കണക്കാക്കുന്ന ആയിരം വർഷത്തെക്കാൾ അല്ലെങ്കിൽ അമ്പതിനായിരം വർഷത്തെക്കാൾ നീണ്ട ദിവസം എന്ന് ഖുർആൻ പറയുന്നത്, ഭൂമിയും സൂര്യനും തമ്മിലുള്ള അകലവും ഭ്രമണവേഗവും വ്യത്യാസപ്പെടുന്ന വിവിധ സന്ദർഭങ്ങളെ ഉദ്ദേശിച്ചാവാം. അല്ലെങ്കിൽ മറ്റ് ഗ്രഹങ്ങളുടെയും ഉപഗ്രഹങ്ങളുടെയും ഭ്രമണത്തെ ആസ്പദിച്ചാവാം. അതുമല്ലെങ്കിൽ ഇവിടെ പറഞ്ഞ أَيَّام പ്രപഞ്ചത്തിന്റെ സുപ്രധാനമായ ആറു പരിണാമ ദശകളുമാകാം. ഡാർവിന്റെ നാസ്തികമായ പരിണാമവാദത്തെ തള്ളിക്കളയുന്ന ആസ്തികരും പ്രപഞ്ചം ഇന്നത്തെ അവസ്ഥയിലെത്തിയത് പലപരിണാമ ദശകൾ പിന്നിട്ടാണെന്ന് അംഗീകരിക്കുന്നുണ്ട്. മനുഷ്യനടക്കമുള്ള ജീവികളുടെയും സസ്യലതാദികളുടെയും ജീവിതം അതിനുതെളിവാണ്.

اسْتَوَىٰ عَلَى الْعَرْشِ എന്ന വാക്ക് ഖുർആനിൽ പത്തിലേറെ സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. നേരത്തെ സൂറ *അൽഅഅ്റാഫ്* 54-ാം സൂക്തത്തിനു താഴെ ഈ വാക്കിന്റെ അർഥം വിശദീകരിച്ചിരിക്കുന്നു. 'അധികാരത്തിലേറി ഭരണമേറ്റെടുത്തു' എന്നാണ് ഇവിടെ വിവക്ഷയെന്ന് തുടർന്ന് പറയുന്ന يُدَبِّرُ الْأَمْرَ (അവൻ ഭരണം നടത്തിക്കൊണ്ടിരിക്കുന്നു) എന്ന വാക്യത്തിൽനിന്നു വ്യക്തമാണ്. ഉദ്ദിഷ്ടലക്ഷ്യത്തിനുതകുന്നവണ്ണം കാര്യങ്ങളാസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ് تدبير. സാരമിതാണ്: ബഹുദൈവവിശ്വാസികൾ കരുതുന്നതുപോലെ, ബൃഹത്തായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചു വിട്ട്, ഇനി അതായി അതിന്റെ പാടായി എന്ന ഭാവത്തിൽ അതിൽനിന്നെല്ലാം അകന്ന് എവിടെയോ പോയി നിഷ്ക്രിയനായി വാഴുകയല്ല അല്ലാഹു. പ്രപഞ്ചത്തിന്റെ കാര്യം മുഴുവൻ അവൻ ഉപദൈവങ്ങൾക്ക് വിട്ടുകൊടുത്തിട്ടുമില്ല. മറിച്ച്, താൻ സൃഷ്ടിച്ച പ്രപഞ്ചത്തെ വ്യക്തമായ ഒരു ലക്ഷ്യത്തിലേക്ക് ആസൂത്രിതമായി നയിച്ചുകൊണ്ടിരിക്കുകയാണ്. സൃഷ്ടിയുടെ മേലുള്ള ഉടമത്വത്തിന്റെയും വിധായകത്വത്തിന്റെയും അനിവാര്യതയാണ്, ആ ശാസനാധികാരത്തെ അംഗീകരിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നവരോട് വിരുദ്ധ സമീപനമുണ്ടാവുക എന്നത്. അംഗീകരിച്ചവരെയും ധിക്കരിച്ചവരെയും സംബന്ധിച്ച് തീരുമാനമെടുക്കുന്നതും അവൻ തനിച്ചാണ്. സാക്ഷാൽ ദൈവത്തിന്റെ ഉടമത്വത്തെയും വിധായകത്വത്തെയും ധിക്കരിക്കുന്ന വിഗ്രഹാരാധകർ വ്യാമോഹിക്കുന്നതുപോലെ ദേവീദേവന്മാരോ പുണ്യാത്മാക്കളോ അവന്റെ മുമ്പിൽ ശിപാർശ ചെയ്യാനുണ്ടാവില്ല. വല്ലവരും ശിപാർശ ചെയ്യുന്നുവെങ്കിൽ അത് അവൻ ഇഷ്ടപ്പെടുന്നവർക്കുവേണ്ടി അവൻ അനുവദിക്കുന്നവർ മാത്രമായിരിക്കും. مَا مِن شَفِيعٍ إِلَّا مِن بَعْدِ إِذْنِهِ (അവന്റെ അനുമതിക്ക് ശേഷമല്ലാതെ ശിപാർശ ചെയ്യുന്നവരാരുമില്ല) എന്നാണ് മൂലവാക്യം. ഇവിടെ ശിപാർശയെ നിഷേധിക്കുന്നതോടൊപ്പംതന്നെ അനുമതിക്കുശേഷമുള്ള ശിപാർശയെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അല്ലാഹു ശിപാർശ സമർപ്പിക്കാൻ അനുവാദം നൽകിയവർക്ക്, അവൻ തൃപ്തിപ്പെട്ടവർക്കുവേണ്ടി

ശിപാർശ ചെയ്യാം. അനുമതി ലഭിക്കാതെയുള്ള ശിപാർശയെയും, അനുമതി ലഭിച്ചാൽതന്നെ അല്ലാഹു ഇഷ്ടപ്പെടാത്തവർക്കുവേണ്ടിയുള്ള ശിപാർശയെയുമാണ് നിഷേധിക്കുന്നത്. ഖുർആൻ അക്കാര്യം ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്: لَا تُغْنِى شَفَـٰعَتُهُمْ شَيْـًٔا إِلَّا مِنۢ بَعْدِ أَن يَأْذَنَ ٱللَّهُ لِمَن يَشَآءُ وَيَرْضَىٰٓ (അവരുടെ ശിപാർശ ഒട്ടും പ്രയോജനപ്പെടുകയില്ല, അല്ലാഹു അനുമതി നൽകിയശേഷം, അവൻ ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്കുവേണ്ടി സമർപ്പിക്കുന്ന ശിപാർശയല്ലാതെ-53:26). يَوْمَئِذٍ لَّا تَنفَعُ ٱلشَّفَـٰعَةُ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَـٰنُ وَرَضِىَ لَهُۥ قَوْلًا (അന്നാളിൽ ശിപാർശകളൊന്നും പ്രയോജനപ്പെടുകയില്ല. കരുണാമയനായ അല്ലാഹുവിങ്കൽനിന്ന് അനുമതി ലഭിച്ചവൻ അതിനുശേഷം, ആർക്കുവേണ്ടി സംസാരിക്കുന്നത് അല്ലാഹു തൃപ്തിപ്പെട്ടുവോ അവന്നുവേണ്ടി സമർപ്പിക്കുന്ന ശിപാർശയല്ലാതെ-20:109). അല്ലാഹുവിന്റെ പ്രത്യേക അനുമതിയില്ലാത്ത ശിപാർശയെ ഖുർആൻ ഖണ്ഡിതമായി നിഷേധിച്ചിരിക്കുന്നു. مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ (അവന്റെ സമക്ഷം അവന്റെ അനുമതിയില്ലാതെ ശിപാർശ ചെയ്യാൻ കഴിയുന്നവരാരുണ്ട്?-2:255). مَا لَكُم مِّن دُونِهِۦ مِن وَلِىٍّ وَلَا شَفِيعٍ (അവനല്ലാതെ യാതൊരു രക്ഷകനും ശിപാർശകനും നിങ്ങൾക്കില്ല-32:4). قُل لِّلَّهِ ٱلشَّفَـٰعَةُ جَمِيعًا لَّهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ (അവരോടു പറയുക, ശിപാർശാധികാരം മുഴുവൻ അല്ലാഹുവിന്നുള്ളതാകുന്നു. ആകാശ ഭൂമികളുടെ ആധിപത്യം അവന്റേതാകുന്നു-39:44). فَمَا تَنفَعُهُمْ شَفَـٰعَةُ ٱلشَّـٰفِعِينَ (ശിപാർശകരുടെ ശിപാർശകൾ അവർക്ക് പ്രയോജനപ്പെടുകയില്ല-74:48). إِن يُرِدْنِ ٱلرَّحْمَـٰنُ بِضُرٍّ لَّا تُغْنِ عَنِّى شَفَـٰعَتُهُمْ شَيْـًٔا (പരമകാരുണികൻ എനിക്ക് പീഡനം ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവരുടെ ശിപാർശ എനിക്ക് ഒരു ഗുണവും ചെയ്യുകയില്ല-36:23).

ഈ വാക്യങ്ങൾ സമുച്ചയിച്ചു പഠിക്കുമ്പോൾ വ്യക്തമാകുന്നത് ഇതാണ്: പ്രപഞ്ചത്തിലെ മറ്റെല്ലാ കാര്യങ്ങളുടെയും എന്നപോലെ ശിപാർശയുടെയും ഉടമസ്ഥതയും പരമാധികാരവും അല്ലാഹുവിനാകുന്നു. അവന്റെ അനുമതി ലഭിക്കാതെ ആർക്കും യാതൊരാൾക്കുവേണ്ടിയും അവന്റെ മുമ്പിൽ ശിപാർശ ചെയ്യാനാവില്ല. അവൻ അനുമതി നൽകുന്നത് സത്യവിശ്വാസത്തിലൂടെയും സൽകർമങ്ങളിലൂടെയും അവന്റെ പ്രീതി നേടിയവർക്കു മാത്രമായിരിക്കും. അല്ലാഹുവിന്റെ പ്രീതിയും അനുമതിയുമില്ലാത്തവരുടെ ശിപാർശകൊണ്ട് യാതൊരു പ്രയോജനവുമുണ്ടായിരിക്കുകയില്ല.

ആരാണ് അല്ലാഹു തൃപ്തിപ്പെട്ടവർ? അതെക്കുറിച്ച് *അൽമാഇദ* 119-ാം സൂക്തത്തിൽ പറയുന്നു: "വിചാരണ നാളിൽ അല്ലാഹു അരുൾ ചെയ്യും: സത്യവാന്മാരുടെ സത്യസന്ധതക്ക് ഫലം നൽകുന്ന ദിവസമാണിത്. താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങൾ അവർക്കുള്ളതാകുന്നു. അതിലവർ എന്നെന്നും വസിക്കും. അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അല്ലാഹുവിനെയും തൃപ്തിപ്പെട്ടിരിക്കുന്നു. അതത്രെ മഹത്തായ വിജയം" ദീനിൽ ദൃഢമായി വിശ്വസിക്കുകയും നിഷ്കളങ്കമായി സേവനങ്ങളനുഷ്ഠിക്കുകയും ചെയ്തവരാണ് അല്ലാഹു തൃപ്തിപ്പെടുകയും അല്ലാഹുവിനെ തൃപ്തിപ്പെടുകയും ചെയ്തവർ എന്ന് *അത്തൗബ* 100-ാം സൂക്തത്തിൽ പ്രസ്താവിക്കുന്നു. ഇതേ സംഗതി തന്നെ മറ്റൊരു രീതിയിൽ സൂറ *അൽ മുജാദല* 22-ാം സൂക്തത്തിലും പ്രസ്താവിക്കുന്നുണ്ട്. "സത്യത്തിൽ വിശ്വസിക്കുകയും സൽകർമങ്ങളാചരിക്കുകയും വിധാതാവിനെ ഭയപ്പെട്ടു വാഴുകയും ചെയ്തവരാണ് അല്ലാഹു തൃപ്തിപ്പെടുന്നവരും അല്ലാഹുവിനെ തൃപ്തിപ്പെടുന്നവരുമായ ആളുകൾ" എന്ന് സൂറ *അൽ ബയ്യിന* 7,8 സൂക്തങ്ങളിലും വ്യക്തമാക്കിയിരിക്കുന്നു. പരലോകത്ത് അക്രമികൾക്ക് ഉറ്റമിത്രങ്ങളോ വാക്ക് മാനിക്കപ്പെടുന്ന ശിപാർശകരോ ആരുമുണ്ടാവില്ല." (مَا لِلظَّـٰلِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ) എന്ന് *സൂറ ഗാഫിർ* 18-ാം സൂക്തത്തിൽ അസന്ദിഗ്ധമായി പ്രസ്താവിച്ചിരിക്കുന്നു. പരലോക മോക്ഷത്തിനോ ആപത് രക്ഷക്കോ അനുഗ്രഹ ലാഭത്തിനോ ഉള്ള ഉപാധിയല്ല ശിപാർശ (شفاعة) എന്ന് ഈ സൂക്തങ്ങൾ സംശയത്തിനിടമില്ലാത്തവിധം വ്യക്തമാക്കിയിരിക്കുന്നു.

ഒരാൾ മറ്റൊരാൾക്കുവേണ്ടി ശിപാർശകനാവുക, അയാൾ ഒന്നുകിൽ ശിപാർശ കേൾക്കുന്നവനെക്കാൾ ഉന്നതനാകുമ്പോൾ അല്ലെങ്കിൽ രണ്ടുപേരും സമശീർഷരാകുമ്പോൾ ആണ്. താഴെക്കിടയിലുള്ളവരും ചിലപ്പോൾ മേലാളരുടെ മുന്നിൽ ശിപാർശകരാകും. താഴ്ന്ന പദവിയിലുള്ളവനെങ്കിലും മേലാളന് ഏതെങ്കിലും കാര്യത്തിൽ അയാളെ ആശ്രയിക്കേണ്ടതുള്ളപ്പോൾ അല്ലെങ്കിൽ ശിപാർശകന് ഏതെങ്കിലും കാര്യത്തിൽ ശിപാർശ കേൾക്കുന്നവനെക്കാൾ അറിവോ കഴിവോ കൂടുതലുള്ളവനാകുമ്പോൾ ആണത്. സർവശക്തനും സർവജ്ഞനും അത്യുന്നതനും എല്ലാ നിലയിലും സ്വയംപര്യാപ്തനുമായ അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ഇതൊന്നും പ്രസക്തമല്ല. അതുകൊണ്ട് അവന് ആരുടെയും ശിപാർശ കേൾക്കേണ്ട യാതൊരു കാര്യവുമില്ല. എങ്കിലും അല്ലാഹു പരമകാരുണികനും കരുണാനിധിയുമാണ്. തന്റെ ദാസന്മാരിൽ തന്നെ നിഷ്കളങ്കമായി അനുസരിക്കുകയും ആരാധിക്കുകയും ചെയ്തവരെ അവൻ ആദരിക്കുന്നു. ഈ ആദരവിന്റെ ഭാഗമായി അത്തരം ദാസന്മാർക്ക് നൽകുന്ന ഒരു പ്രത്യേകാനുകൂല്യമാണ് തന്റെ മുന്നിൽ ശിപാർശ ചെയ്യാനുള്ള അനുവാദം. അങ്ങനെ അനുവാദം ലഭിച്ചവർ അസത്യമോ അന്യായമോ ആയ ശിപാർശകൾ ചെയ്യുകയില്ല എന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. തങ്ങളെപ്പോലെ സത്യവിശ്വാസികളും സൽകർമികളും ആയിരുന്ന ആളുകളിൽ വന്നുപോയ ചെറിയ പാപങ്ങളുടെ ശിക്ഷകൾ ഇളവു ചെയ്തു കൊടുക്കണമെന്ന് അവർക്ക് പരസ്പരം അല്ലാഹുവിനോട് ശിപാർശ ചെയ്യാം. അല്ലാഹു അതു സ്വീകരിക്കും. ഈ ശിപാർശ പരലോകത്ത് അല്ലാഹുവിന്റെ മുമ്പിലെത്തുമ്പോൾ മാത്രമല്ല, ഇഹലോകത്ത് ജീവിച്ചിരിക്കുമ്പോഴുമാകാം. അപ്പോഴത് പ്രാർഥനയാകുന്നു. പ്രാർഥനക്ക് പ്രത്യേകം അനുവാദം ആവശ്യമില്ല. ആർക്കും എപ്പോഴും പ്രാർഥിക്കാവുന്നതാണ്. പക്ഷേ, പ്രാർഥന പോലും അല്ലാഹുവിന്റെ ശത്രുക്കൾക്കുവേണ്ടി പാടില്ലെന്നു കൽപിച്ചിരിക്കുന്നു. എങ്കിൽ പിന്നെ പരലോകത്ത് അല്ലാഹുവിന്റെ മുമ്പിൽചെന്ന് നേരിട്ട് അനുവാദം വാങ്ങിയശേഷം ദൈവധിക്കാരികൾക്കുവേണ്ടി ശിപാർശ ചെയ്യാൻ ഏതു പുണ്യാത്മാവാണ് ധൈര്യപ്പെടുക?! അഥവാ വല്ലവരും അതിനു ധൈര്യപ്പെട്ടാൽ തന്നെ അല്ലാഹു ആ ശിപാർശ സ്വീകരിക്കുമെന്ന് കരുതുന്നതിൽപരം വിഡ്ഢിത്തമെന്തുണ്ട്! ഒരിക്കൽ നബി(സ) സ്വന്തം മകളുൾപ്പെടെയുള്ള കുടുംബത്തോട് പറഞ്ഞത് ഇവിടെ അനുസ്മരണീയമാകുന്നു. "നിങ്ങൾ എന്റെ മുതലുകൾ ചോദിച്ചു കൊള്ളുക. ഞാനതു നിങ്ങൾക്കു തന്നേക്കാം. പക്ഷേ, പരലോകത്ത് നിങ്ങൾക്കുവേണ്ടി യാതൊന്നും ചെയ്തുതരാൻ എനിക്കാവില്ലെന്നോർത്തിരിക്കുക."

ഇഹലോകത്ത് ഐശ്വര്യ ലാഭത്തിനും പരലോകത്ത് പാപപരിഹാരത്തിനും സ്വർഗലബ്ധിക്കുമുള്ള ഉപാധിയാണ് 'ശഫാഅത്' എന്ന ആശയം വിഗ്രഹാരാധകരിലെന്നപോലെ വേദക്കാരിലും ചില മുസ്‌ലിംകളിലും വേരൂന്നിയിട്ടുണ്ട്. അറേബ്യൻ വിഗ്രഹാരാധകർ പൊതുവിൽ പരലോകനിഷേധികളായിരുന്നു. തങ്ങളാരാധിക്കുന്ന ദേവീദേവന്മാർ പരമേശ്വരനോട് ശിപാർശ ചെയ്ത് ഈ ലോകത്ത് തങ്ങൾക്ക് ശക്തിയും

സമ്പത്തും സന്താനങ്ങളുമെല്ലാം നേടിത്തരികയും തങ്ങളുടെ തെറ്റുകുറ്റങ്ങളുടെ ദുഷ്പരിണതികൾ ഒഴിവാക്കിത്തരികയും ചെയ്യും എന്നായിരുന്നു അവരുടെ ശഫാഅത്തു സങ്കൽപം. വേദക്കാരും അജ്ഞരായ ചില മുസ്‌ലിംകളും ശഫാഅത്തിനെ കൂടുതൽ ബന്ധിപ്പിച്ചത് പരലോകവുമായിട്ടാണ്. സിദ്ധന്മാരും പുണ്യാത്മാക്കളും ഭൗതിക നേട്ടങ്ങൾ ഉണ്ടാക്കിത്തരുന്നതിനു പുറമെ വിചാരണ നാളിൽ അല്ലാഹുവിങ്കൽ ശിപാർശ ചെയ്ത് തങ്ങളുടെ അധർമങ്ങൾക്കും അക്രമങ്ങൾക്കുമെല്ലാം മാപ്പുവാങ്ങിത്തരികയും തങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും എന്നാണവർ കരുതുന്നത്. തങ്ങളുടെ പ്രാർഥനകൾ അവർ കേൾക്കും, നേർച്ചവഴിപാടുകൾ കൈക്കൊള്ളുകയും ചെയ്യും. സൃഷ്ടികളുടെ ഭാഗധേയം നിശ്ചയിക്കുന്നതിൽ അല്ലാഹു അല്ലാത്ത വേറെ ചിലർക്കും പങ്കുണ്ട് എന്ന അടിസ്ഥാനാശയത്തിൽ ഇപ്പറഞ്ഞ എല്ലാവരുടെയും വിശ്വാസം ഏറക്കുറെ തുല്യമാണ്. വിഗ്രഹാരാധകരും വേദക്കാരും ആ പങ്കാളികളുടെ രൂപങ്ങൾ നിർമിച്ച് ആരാധിക്കുന്നു. അവർ തങ്ങളുടെ ആരാധനയെ ആരാധന എന്നുതന്നെ വിളിക്കുന്നു. മുസ്‌ലിംകളുടെ ആരാധ്യർ അധികവും മൺമറഞ്ഞ പുണ്യാത്മാക്കളാണ്. അവരുടെ വിഗ്രഹങ്ങൾ നിർമിക്കപ്പെടാറില്ല. മഖ്ബറകളാണ് പ്രതിഷ്ഠകൾ. മഖ്ബറകളെ പട്ടും പൂക്കളുമർപ്പിച്ച് പൂജിക്കുന്നു; ചിലർ സാഷ്ടാംഗം സുജൂദ് ചെയ്യുന്നു. ഇതിനെയൊന്നും അവർ ആരാധന എന്നു പറയാറില്ല. തവസ്സുൽ, ഇസ്തിഗാസ എന്നൊക്കെയാണ് പേര്. ആരാധന മാത്രമേ അല്ലാഹു അല്ലാത്തവർക്ക് പാടില്ലാത്തതുള്ളൂ, തവസ്സുലും ഇസ്തിഗാസയും അതിൽ പെടുന്നില്ല എന്നാണ് ന്യായം.

സത്യവിശ്വാസികളെ അവരറിയാതെ വിശ്വാസത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ ചെകുത്താൻ അവലംബിക്കുന്ന സമർഥമായ തന്ത്രമാണ് ശഫാഅത്തിനെ സംബന്ധിച്ച അമിത ധാരണകളും തദടിസ്ഥാനത്തിലുള്ള കർമരീതികളും. ഇന്ന് ബഹുദൈവത്വപരമായ സങ്കൽപങ്ങളെയും ആചാരങ്ങളെയും വിമർശിക്കുന്നവർ കാഫിറുകളും മുബ്തദിഉകളു(സത്യനിഷേധികളും ഇസ്‌ലാമിനു വിരുദ്ധമായ പുത്തൻ ആചാരങ്ങളും വിശ്വാസങ്ങളും അതിൽ കൂട്ടിച്ചേർക്കുന്നവരും)മായി മുദ്രയടിക്കപ്പെടുന്നു എന്നത് ചെകുത്താന്റെ തന്ത്രം വൻവിജയം നേടിയതിന്റെ തെളിവാണ്. സിദ്ധന്മാരുടെയും ഔലിയാക്കളുടെയും ഊറ്റത്തിലും ശഫാഅത്തിലും അമിതമായി വിശ്വസിക്കുകയും അവരെ പ്രീതിപ്പെടുത്താൻ കീർത്തന പരിപാടികളും നേർച്ച വഴിപാടുകളും സംഘടിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരിലധികമാളുകളും ഇസ്‌ലാമിന്റെ പ്രാഥമിക കാര്യങ്ങൾ പോലും അവഗണിക്കുന്നു. ചിലർ നമസ്കാരവും നോമ്പും പോലുള്ള കാര്യങ്ങൾ പോലും അനുഷ്ഠിക്കുന്നില്ല. മദ്യപാനം, അഗമ്യഗമനം തുടങ്ങിയ ദുർവൃത്തികളിലൊക്കെ നിർലോഭം ഏർപ്പെടുന്നു. പിടിക്കപ്പെടാതിരിക്കാൻ 'ഔലിയാ'യുടെ 'ജാറ'ത്തിലേക്ക് നേർച്ച നേർന്ന് പോക്കറ്റടിക്കിറങ്ങുന്ന പോക്കറ്റടിക്കാർ വരെയുണ്ട്. 'ഔലിയാ'ക്കൾ എന്തിനും കഴിവുള്ളവരാണെന്നും അവരെ പ്രീതിപ്പെടുത്തിയാൽ തങ്ങളുടെ എല്ലാ പാപങ്ങളും പരിഹരിക്കപ്പെടുകയും തങ്ങൾക്കു സ്വർഗപ്രവേശം ലഭിക്കുകയും ചെയ്യുമെന്നാണവരുടെ വിശ്വാസം. ഈ വിശ്വാസങ്ങളെല്ലാം തികച്ചും അസത്യമാണെന്നും അല്ലാഹുവിനെ അവിശ്വസിക്കുകയും ധിക്കരിക്കുകയും ചെയ്തവർക്കുവേണ്ടി ശിപാർശചെയ്യാൻ കഴിവും അധികാരവുമുള്ള ഒരു ശക്തിയുമില്ലെന്നുമാണ് ഇവിടെ വ്യക്തമാക്കുന്നത്.

പ്രപഞ്ചത്തെ സൃഷ്ടിക്കുകയും അതിനെ സ്വന്തം അധീനതയിൽ നേരിട്ട് സംരക്ഷിച്ചു ഭരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാക്ഷാൽ ദൈവം (അല്ലാഹു) ആരാണോ അവൻ തന്നെയാണ് നിങ്ങളുടെ ജീവിതത്തിന്റെ ഭാഗധേയം നിശ്ചയിച്ചുകൊണ്ടിരിക്കുന്ന വിധാതാവും. നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്ന വിഗ്രഹങ്ങൾക്കോ മഖ്ബറകൾക്കോ ഗ്രഹങ്ങൾക്കോ ഒന്നും അതിൽ യാതൊരു പങ്കുമില്ല. അവരാരും അല്ലാഹുവിങ്കൽ സ്വന്തം നിലയിൽ നിങ്ങളുടെ ശിപാർശകരുമല്ല. ഇതാണ് ذَٰلِكُمُ ٱللَّهُ رَبُّكُمۡ എന്ന വാക്യത്തിന്റെ താൽപര്യം. അങ്ങനെയുള്ള വിധാതാവിനു മാത്രമാണ് നിങ്ങൾ ഇബാദത്ത് ചെയ്യേണ്ടത്. فَٱعۡبُدُوهُۚ യാതൊരധികാരവും ശക്തിയുമില്ലാത്തവർക്ക് ഇബാദത്ത് ചെയ്യുന്നത് യഥാർഥ സർവാധിപതിയെ നിന്ദിക്കലും സ്വയം നിന്ദ്യനാവലുമാണ്. ഇവിടെ فَٱعۡبُدُوهُۚ എന്നു പറഞ്ഞത് ഇബാദത്തിന്റെ എല്ലാ അർഥത്തിലുമാണ്. ആരാധനയും ഭക്തിയും ആത്യന്തികമായ സ്നേഹവും അനുസരണവും വണക്കവുമെല്ലാം ചേർന്നതാണ് ഇബാദത്ത്.

പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് തന്നെയാണ് അതിന്റെ വിധാതാവ്, അവനാണ് അതിനെ നിത്യമായി നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്, അവന്റെ അധികാരത്തെ ഏതെങ്കിലും വിധത്തിൽ സ്വാധീനിക്കാൻ പ്രാപ്തരായ യാതൊരു സൃഷ്ടിയുമില്ല. അതിനാൽ മനുഷ്യൻ തന്റെ ആരാധ്യനായി സ്വീകരിച്ച് ജീവിതം സമർപ്പിക്കേണ്ടത് അല്ലാഹുവിന്നു മാത്രമാണ് എന്നത് സത്യസന്ധമായി ചിന്തിച്ചുനോക്കിയാൽ സ്വയം മനസ്സിലാക്കാവുന്ന സംഗതിയാണ്. സ്വന്തം ജീവിതത്തിലും ചുറ്റുപാടിലും അങ്ങനെ ചിന്തിക്കുന്നവർക്ക് ധാരാളം ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ കഴിയും. മനുഷ്യ സൃഷ്ടിയുടെ ആരംഭത്തിൽ അല്ലാഹു അവന്റെ ഉള്ളിൽ നിക്ഷേപിച്ച നൈസർഗിക ബോധവുമാണത്. ചിന്തിക്കുന്ന മനുഷ്യന്റെ മനസ്സിൽ ഈ ബോധം ഉണർന്നു വരുന്നു. 'നിങ്ങൾ ഓർക്കുന്നില്ലേ' എന്നാണ് أَفَلَا تَذَكَّرُونَ എന്ന വാക്യത്തിന്റെ ഭാഷാർഥം. ഭാഷാർഥത്തിലെടുക്കുമ്പോൾ, 'അല്ലാഹു നിങ്ങളുടെ പ്രകൃതിയിൽ സത്യബോധം ഉൾക്കൊള്ളിച്ചിട്ടുള്ളത് ഓർക്കുന്നില്ലേ' എന്നാണ് താൽപര്യം. ■